**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3293** **01-03-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്ക് നിർമ്മാണ മേഖലയിൽ ലഭ്യമാകേണ്ട സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നിർമ്മാണ മേഖലയിൽ ലഭ്യമാകേണ്ട സുരക്ഷാ ക്രമീകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ താമസസ്ഥലവും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 03/02/2023 തീയതിയിൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന 100-ൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണ മേഖലയിൽ ഇവർക്കു നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും, അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തു.<br><br>ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ നിർമ്മാണ സ്ഥലത്ത് ബാരിക്കേഡുകൾ കെട്ടിയിട്ടില്ല എന്നും ഹെൽമറ്റ്, സേഫ്റ്റി ബെൽറ്റ് മുതലായവ തൊഴിലാളികൾക്ക് നൽകിയിട്ടില്ല എന്നും |

| | | | |
|---|---|---|---|
| | | | കണ്ടെത്തി, ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള പരിശോധനാ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | അനധികൃതമായും അടിസ്ഥാന സൗകര്യങ്ങളില്ലാതെയും പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികൾക്കായുള്ള ലേബർ ക്യാമ്പുകൾ അടച്ചുപൂട്ടുന്നതിനും അവരെ മാറ്റി താമസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. 03/02/2023 തീയതിയിൽ സംസ്ഥാനവ്യാപകമായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും ഇതരസംസ്ഥാന തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ പരിശോധന നടത്തിയിരുന്നു. എല്ലാ ജില്ലകളിലെയും അതിഥി തൊഴിലാളി ലേബർ ക്യാമ്പുകളിലും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന 100-ൽപ്പരം സ്ഥലങ്ങളിലുമായി തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിൽ നിർമ്മാണ മേഖലയിൽ ഇവർക്കു നൽകുന്ന സുരക്ഷാ ക്രമീകരണങ്ങളും, അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തു. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ താമസിച്ചിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന ഇടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തു.<br><br>ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയതിൽ നിർമ്മാണ സ്ഥലത്ത് ബാരിക്കേഡുകൾ കെട്ടിയിട്ടില്ല എന്നും ഹെൽമറ്റ്, സേഫ്റ്റി ബെൽറ്റ് മുതലായവ തൊഴിലാളികൾക്ക് നൽകിയിട്ടില്ല എന്നും കണ്ടെത്തി, ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള പരിശോധനാ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| (സി) | അതിഥി തൊഴിലാളികളെ അനധികൃതമായി പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്താൻ ജില്ലാ തലങ്ങളിൽ പ്രത്യേക സംഘത്തിന് രൂപം നൽകിയിട്ടുണ്ടോ; പ്രത്യേക സംഘം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാനമൊട്ടാകെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് വിഭാഗമാണ് പരിശോധനകൾ നടത്തുന്നതും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതും. സംസ്ഥാന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിമയമപ്രകാരം പരിശോധനകൾ നടത്തുകയും അതിഥി |

| | | | |
|---|---|---|---|
| | | | തൊഴിലാളികളെ അനധികൃതമായി പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ടി പരിശോധനയിൽ ശോചനീയമായ താമസ സൗകര്യത്തിൽ പാർപ്പിച്ചിരിക്കുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് നൽകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ആയതിലേയ്ക്ക് പരിശോധനാ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ